II. ശ്രദ്ധ ക്ഷണിക്കൽ

സിമൻറു ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്

ശ്രീ. വി. ജെ. ജോസഫ്: സർ, നമ്മുടെ നാട്ടിൽ സിമൻറിൻെറ ക്ഷാമം മൂലം വ്യക്തികൾക്കും പൊതുസ്ഥാപനങ്ങൾക്കും എല്ലാം പണികളും മുന്നോട്ടു കൊണ്ടു പോകാൻ ആവാത്ത ഒരു സ്ഥിതി വിശേഷം വന്നിരിക്കുകയാണ്. ഒരു സാധാരണക്കാരന് വീടിൻെറ അറ്റകുറ്റപ്പണികളും നടത്താനോ, കക്കൂസ് പണിയാനോ, തൊഴുത്തു പണിയാനോ വേണ്ടി പത്തു പതിനഞ്ചു പാക്കറ്റു സിമൻറിനു അപേക്ഷ കൊടുത്ത് നാലഞ്ചു മാസങ്ങൾ കാത്തിരിക്കുന്ന ദയനീയമായ, പരിതാപകരമായ ഒരവസ്ഥയാണ് നമ്മുടെ രാജ്യത്തുള്ളത്. അതുപോലെ തന്നെ പി. ഡബ്ലിയു. ഡി. വർക്കാണെങ്കിൽ പോലും ത്വരിതഗതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നതിനു സാദ്ധ്യമല്ലാത്ത അവസ്ഥ സിമൻറു ക്ഷാമം മൂലമുണ്ടായിട്ടുണ്ട്. സാമൂഹ്യ വികസന ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ മാർച്ചു 31-നു തീർക്കേണ്ട പല ജോലികളും സിമൻറിൻെറ ക്ഷാമം മൂലം തീർക്കാനാകാത്ത സ്ഥിതിയിലാണ്. അതുപോലെ തന്നെ പുതിയ സ്കൂളുകൾ, കഴിഞ്ഞ കൊല്ലം അപ്ഗ്രേഡ് ചെയ്ത കോളേജുകൾ ഇവയുടെയെല്ലാം പണിക്കു സിമൻറ് ആവശ്യമാണ്, പക്ഷേ സിമൻറിൻെറ ക്ഷാമം മൂലം പല സ്ഥലത്തും കെട്ടിടം പണിയുന്നതിനോ ഉള്ള കെട്ടിടത്തിൻെറ അറ്റകുറ്റപണികൾ നടത്തുന്നതിനോ സാദ്ധ്യമല്ലാത്ത സ്ഥിതി വിശേഷമാണ് ഈ രാജ്യത്ത് ഉള്ളത്. എല്ലാ വിധ സർട്ടിഫിക്കറ്റുകളോടും കൂടി തഹസീൽദാരുമാരുടേയോ ജില്ലാ കളക്ടറുടേയോ ഇൻഡസ്ട്രീസ് ഡെപ്യൂട്ടി കമ്മീഷണറുടേയോ മുന്നിൽ അപേക്ഷ കൊടുത്തിട്ട് നാലഞ്ചു മാസം കാത്തിരുന്നാലും കിട്ടുകയില്ലെന്നുള്ള അവസ്ഥക്കു പരിഹാരമുണ്ടാക്കേണ്ടതാണ്. അതേ സമയം ഇന്നു ബ്ലാക്കു മാർക്കറ്റിൽ 40 മുതൽ 60 രൂപ വരെ കൊടുത്താൽ ഇഷ്ടം പോലെ സിമൻറു കിട്ടാനുണ്ട് എന്നുള്ളത് അങ്ങാടിപ്പാട്ടാണ്. അതുകൊണ്ട് ഇന്നു സിമൻറിൻെറ കാര്യത്തിൽ അനുഭവിച്ചു കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളുടെ ചിത്രം ഇതാണെങ്കിൽ മറ്റൊരു ബുദ്ധിമുട്ടു കൂടിയുണ്ട്. 25 പാക്കറ്റു സിമൻറിനു അപേക്ഷ കൊടുത്താൽ ആദ്യം എട്ടോ പത്തോ പാക്കറ്റു അനുവദിക്കും. അത് ഉപയോഗിച്ചതിനു ശേഷം എഞ്ചിനീയറുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റു വേണമെന്നാണ് പറയുന്നത്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിനു വേണ്ടി എഞ്ചിനീയറുടെ അടുത്തു ചെന്നാൽ അത് തങ്ങളുടെ അധികാര പരിധിയിൽ അല്ലെന്നു പറയുന്നില്ലെങ്കിൽ പോലും തങ്ങളുടെ ജോലി കഴിഞ്ഞിട്ട് അതു വന്നു പരിശോധിക്കുവാനുള്ള സമയമില്ലെന്നു എഞ്ചിനീയർമാർ പറയുന്നു. ഇത് എഞ്ചിനീയർമാർ പറയുമ്പോഴും അവരെ കുറ്റപ്പെടുത്താൻ ഒക്കുകയില്ല. കാരണം അവർക്കു ആവശ്യമുള്ള ഡിപ്പാർട്ടുമെൻറലായ ജോലികളുണ്ട്. അതിനു നാട്ടിലെ പത്തിരുനൂറു അപേക്ഷകരുടെ ഉപയോഗിച്ച സിമൻറിൻെറ കണക്കു വന്നു നോക്കാനും പരിശോധിക്കാനുമുള്ള സമയം അവർക്കു കിട്ടിയെന്നു വരികയില്ല. അതുകൊണ്ട് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റു കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം പുതിയ സമീപനം ആവശ്യമാണ്. ആദ്യം എഞ്ചിനീയറുടെ പ്ലാനും സർട്ടിഫിക്കറ്റും സഹിതമാണ്, അപേക്ഷകൾ കൊടുക്കുന്നത്. ആദ്യത്തെ കോട്ട അനുവദിച്ചു കഴിഞ്ഞാൽ അതുപയോഗിച്ച ശേഷം എഞ്ചിനീയറുടെ തന്നെ സർട്ടിഫിക്കറ്റു വേണമെന്നു നിർബന്ധം പിടിക്കുന്നത് ശരിയായിരിക്കുകയില്ല. പഞ്ചായത്തു പ്രസിഡൻറുമാർ കൊടുക്കുന്ന യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൊണ്ട് തൃപ്തിപ്പെട്ടുകൊണ്ട് അതനുസരിച്ചു രണ്ടാമത്തെ ഗഡു കൊടുക്കുന്ന ഒരു സംവിധാനമുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

(Mr. Deputy Speaker in the Chair)

മറെറാന്നു് സിഡ്കോ എന്ന സ്ഥാപനത്തിൽ നിന്നും സിമൻറു അനുവദിക്കുന്നുണ്ടു്. സിമൻറിനുള്ള പെർമിറു് എഴുതിയാൽ സിഡ്കോയിൽ കൊണ്ടുകൊടുത്താൽ അപ്പോഴം തന്നെ പണം അടയ്ക്കണം. ഈ പണം അടച്ചാൽ നാലഞ്ചു മാസം കഴിഞ്ഞാൽ പോലും സിമൻറു കിട്ടുകയില്ല. ഈ നാലഞ്ചു മാസം മുഴുവനും ഈ കൊടുക്കുന്ന രൂപ, പലിശയില്ലാതെ സിഡ്കോ ആദായകരമായി ഉപയോഗിക്കുന്നു എന്നാണു് വയ്പു്. പ്രത്യുൽപ്പാദനപരമായ മാർഗ്ഗങ്ങളിൽക്കൂടി ആദായം ഉണ്ടാക്കാനാണു് സിഡ്കോയുടെ ഉദ്ദേശം. അതല്ലാതെ സിമൻറു കച്ചവടത്തിൽക്കൂടി സിമൻറിനുള്ള പെർമിറു അനുസരിച്ചു് വാങ്ങിച്ച പണം, പലിശ കൊടുക്കാതെ അതിൽ നിന്നുള്ള ആദായം ഉണ്ടാക്കണമെന്നു ഉദ്ദേശിക്കുന്നില്ല.

മി. ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ. ചുരുക്കമായ ഒരു പ്രസ്താവന മതി.

ശ്രീ. വി. ജെ. ജോസഫു്: അതുകൊണ്ടു സിഡ്കോ സിമൻറു കൊടുക്കുമ്പോഴം മാത്രം പണം കൊടുത്താൽ മതിയെന്നു വയ്ക്കണം. യൂട്ടിലൈസേഷൻ സർട്ടിഫിക്കറു പഞ്ചായത്തു പ്രസിഡൻറുമാർ ഇഷ്യു ചെയ്താൽ മതിയെന്നു നിർബന്ധമായി ഡയറക്ഷൻ കൊടുക്കണം. മറെറാന്നു്, ഇന്നു പൊതുസ്ഥാപനങ്ങളാകട്ടെ, ധർമ്മ സ്ഥാപനങ്ങളാകട്ടെ, ഡിപ്പാർട്ടുമെൻറുകളാകട്ടെ അവർക്കു സിമൻറു കൊടുക്കുന്നതു് വ്യവസായ ഡെപ്യൂട്ടി കമ്മീഷണർ വഴിയാണു്. അതേ സമയം സ്വകാര്യ വ്യക്തികൾക്കുള്ള അപേക്ഷകളം സ്വീകരിക്കുകയും സിമൻറു അലോട്ടു ചെയ്യുകയും ചെയ്യുന്നതു കളക്ററും തഹസിൽദാരുമാണു്. ഇതു കാരണം അനാവശ്യമായി സൗകര്യമുള്ള സ്ഥലങ്ങളിൽ നിന്നും ഒക്കെ വാങ്ങിക്കുവാനുള്ള അവസരമാണുണ്ടാകുന്നതു്. അതുകൊണ്ടു് ഒരു ഏജൻസിയിൽ കൂടി വിതരണം ചെയ്യണം. പൊതുസ്ഥാപനങ്ങളായാലും ധർമ്മസ്ഥാപനങ്ങളായാലും ഡിപ്പാർട്ടുമെൻറുകളായാലും ഇൻഡസ്ട്രീസ് ഡെപ്യൂട്ടി കമ്മീഷണറുടേയോ ഇൻഡസ്ട്രീസ് കമ്മീഷണറുടേയോ അടുത്തു പോകാതെ ഒരേ ഏജൻസിയിൽ കൂടി പോകുന്ന ഒരു സംവിധാനമുണ്ടാകണം. ഒരു ഉദാഹരണം പറഞ്ഞാൽ ഒരു പഞ്ചായത്തിനു 10 പാക്കറെറു സിമൻറു വേണമെങ്കിൽ അതിനു തഹസിൽദാരുടെ അടുത്തു പോയാൽ ഒക്കുകയില്ല. ഇൻഡസ്ട്രീസ് ഡെപ്യൂട്ടി കമ്മീഷണറുടെ അടുത്തു പോകണം. പഞ്ചായത്തുകളുടെ ആവശ്യത്തിനു 10 പാക്കറെറു സിമൻറു് ആവശ്യപ്പെട്ടാൽ അതു തീർച്ചയായും കൊടുക്കാനുള്ള അധികാരം, 99 പാക്കറെറു വരെ സിമൻറു അലോട്ടു ചെയ്യാനുള്ള അധികാരം തഹസീൽദാർക്കു കൊടുക്കുകയും, മറെറുള്ളതു് വ്യക്തികളുടെയാണെങ്കിലും പൊതുസ്ഥാപനങ്ങളുടെയാണെങ്കിലും കൊടുക്കാനുള്ള അധികാരം കളക്ററിൽകൂടി വിനിയോഗിക്കുകയും ചെയ്യണം. ഇന്നു രണ്ടു തരത്തിലുള്ള സംവിധാനം നിറുത്തലാക്കണം. ഒരു ഏജൻസി അഥവാ സംവിധാനം മതി.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രദ്ധ ക്ഷണിക്കൽ ഇത്ര ദീർഘമായി സംസാരിക്കുവാൻ പാടില്ല. ദയവു ചെയ്തു അവസാനിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. ജോസഫ്: ഇന്നു കോട്ടാ അനുവദിച്ചു കഴിഞ്ഞാൽ പല ഏജൻസികളും എടുക്കാൻ തയ്യാറാകുന്നില്ല. നാലഞ്ചു ഏജൻസികളുള്ള സ്ഥലത്തു കളക്ടർ അനുവദിക്കുന്ന കോട്ടാ ഏജൻസികളും എടുക്കുവാൻ തയ്യാറാകാത്തതു മൂലം വിതരണം ചെയ്യാൻ സാധിക്കുന്നില്ല. അവർക്കു വമ്പിച്ച ആദായം കിട്ടുന്നില്ലെന്നുള്ളതാണ് കാരണം. ഇതു പരിഗണിച്ച് ഈ പ്രശ്നത്തിനു പരിഹാരം കാണണമെന്നു അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ചോദ്യോത്തരവേളയിൽ തന്നെ സിമൻറു ക്ഷാമത്തെ സംബന്ധിച്ച് ഇവിടെ പരാമർശനമുണ്ടായി. നാട്ടിൽ ആവശ്യത്തിനുള്ള സിമൻറു വരുന്നില്ലെന്നുള്ളതു തന്നെയാണ് കുഴപ്പത്തിനുള്ള അടിസ്ഥാന കാരണം. കഴിഞ്ഞ മൂന്നു വർഷത്തെ കണക്കു എന്റെ കൈവശമുണ്ട്. ഞാൻ സഭയുടെ സമയം കൂടുതലെടുക്കുവാൻ ആഗ്രഹിക്കാത്തതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ശരാശരി നമ്മുടെ ആവശ്യത്തിന്റെ 60 ശതമാനം മാത്രമാണ് നമുക്കു അലോട്ടുമെൻറു കിട്ടിക്കൊണ്ടിരിക്കുന്നത്. അതാണ് ഇതിനകത്തുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. കേരളത്തിൽ മാത്രമല്ല, ഇൻഡ്യയിൽ ഒട്ടാകെ തന്നെ ആവശ്യത്തിനനുസരിച്ച് സിമൻറു ഉൽപ്പാദിപ്പിക്കപ്പെടുന്നില്ലെന്ന വസ്തുത ബഹുമാനപ്പെട്ട മെമ്പറൻമാർക്കു അറിയാമായിരിക്കും. ഞാൻ അറിയുന്നതു നമുക്കു തന്നെ 30 ലക്ഷം ടണ്ണിന്റെ കുറവ് ഉണ്ടെന്നാണ്. അതു പരിഹരിക്കുവാൻ വേണ്ടി കേന്ദ്ര ഗവൺമെൻറിൽ സംസ്ഥാനം നിരന്തരമായി ആവശ്യങ്ങളുന്നയിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ പ്രാവശ്യം ഞാൻ ഡൽഹിയിൽ പോയപ്പോഴും വ്യവസായ വകുപ്പു മന്ത്രിയെ നേരിട്ടു കാണുകയും സ്പെഷ്യലായി ഉടൻ തന്നെ ഞങ്ങൾക്കു ഒരു അലോട്ടുമെൻറു തരണമെന്ന് പറയുകയും ചെയ്തു. അദ്ദേഹം അത് ഉടനെ തന്നെ ചെയ്യാമെന്നു പറഞ്ഞിട്ടുണ്ട്. എന്നാൽപ്പോലും നമ്മുടെ ആവശ്യം ഇപ്പോഴും പൂർണ്ണമായി പരിഹരിക്കപ്പെടുകയില്ല. കുറെ സിമൻറ് ഇറക്കുമതി ചെയ്യുന്നുണ്ടെന്നോണ് അദ്ദേഹം എന്നോടു പറഞ്ഞിട്ടുള്ളത്. ഒരു പക്ഷേ ഇറക്കുമതി നടന്നാൽ നമ്മുടെ ആവശ്യം കുറേക്കൂടി നിറവേറ്റപ്പെടുമായിരിക്കാം. നമ്മുടെ ആവശ്യത്തിന്റെ 60 ശതമാനം മാത്രം കിട്ടിക്കൊണ്ടിരിക്കുന്ന നിലയ്ക്ക് ഒരു പൊതു വിതരണ സമ്പ്രദായം ഉണ്ടാകണമെന്ന്, ഒരു പെർമിറ്റു സമ്പ്രദായം ഉണ്ടാകണമെന്നു കേന്ദ്ര ഗവൺമെൻറു തന്നെ നമ്മളോടു മാത്രമല്ല എല്ലാ സംസ്ഥാന ഗവൺമെൻറുകളോടും നിർദ്ദേശിക്കുകയുണ്ടായി. അവരുടെ നിർദ്ദേശമനുസരിച്ചും നമ്മുടെ തീരുമാനമനുസരിച്ചും 1978 ഒക്ടോബർ മാസം ഇവിടെ ഒരു പെർമിറ്റു സമ്പ്രദായം ഏർപ്പെടുത്തി. ആ പെർമിറ്റു സമ്പ്രദായത്തിന്റെ ന്യൂനതയെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പരാമർശിക്കുകയുണ്ടായി. അതെല്ലാം എപ്പോഴും പരിശോധിക്കാവുന്നതാണ്. കുറ്റമറ്റതാണ് ആ സമ്പ്രദായം എന്നു ഗവൺമെൻറു അവകാശപ്പെടുന്നില്ല. എന്നാൽ ആ സമ്പ്രദായം നിലവിൽ വന്നതിനു ശേഷം ഉള്ള സിമൻറ് അതിനു മുമ്പു സ്റ്റോക്കിസ്റ്റുകൾ മാത്രം വിതരണം നടത്തിക്കൊണ്ടിരുന്ന കാലഘട്ടത്തേക്കാൾ ന്യായമായി വിതരണം ചെയ്യപ്പെടുന്നുണ്ടെന്നോണ് എന്റെ ഓർമ്മ. അതിൽ സ്ഥാപനങ്ങൾക്കുള്ള സിമൻറ് അലോട്ടു ചെയ്യുന്നത് സിഡ്കോയാണ്. ഡെപ്യൂട്ടി കമ്മീഷണർ, 'വ്യവസായത്തിനാണ്' അപേക്ഷ കൊടുക്കേണ്ടത്. അവർ പ്രോസസ് ചെയ്തിട്ട് സിഡ്കോയുടെ ഡിപ്പോയിൽ നിന്നാണ് സ്ഥാപനങ്ങൾക്കുള്ള സിമൻറ് കൊടുക്കുന്നത്. അതിൽ ബുദ്ധിമുട്ടുണ്ടെങ്കിൽ തീർച്ചയായും പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തികൾക്കുള്ള അപേക്ഷ കളക്ടർക്കാണ് കൊടുക്കേണ്ടത്. കളക്ടറും തഹസീൽദാരും കമ്മിറ്റിയുടെ വ്യത്യാസം അനുസരിച്ച് പെർമിറ്റു കൊടുക്കുന്നുണ്ട്. ഇതാണ് ഇന്ന് നില നിൽക്കുന്ന സമ്പ്രദായം. ഈ സമ്പ്രദായം കൊണ്ട് കുറച്ച് ആശ്വാസമുണ്ട്. എന്നാലും ബുദ്ധിമുട്ടുണ്ട്. മാസങ്ങളോളം കാത്തിരിക്കേണ്ടി വരുന്നു. കാരണം, നമ്മുടെ ആവശ്യത്തിനനുസരിച്ചുള്ള സിമൻറു വരുന്നില്ല. ഒരു കമ്പാർട്ടറിലെ സിമൻറു വന്നു കഴിഞ്ഞാൽ അടുത്ത കമ്പാർട്ടറിലെ സിമൻറിനു വേണ്ടി കാത്തിരിക്കേണ്ടി വരും. സിഡ്കോ പണം വാങ്ങിച്ചു വയ്ക്കുന്നു എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. അതു ശരിയല്ല. പണം അടച്ചിട്ട് അവർ കാത്തിരിക്കുകയാണ്. പണം വാങ്ങിച്ചു വച്ച് അവർ ബിസിനസ് നടത്തുകയെന്നുള്ളതല്ല ഉദ്ദേശം. അതിലും മാറ്റം വരുത്തണമെങ്കിൽ മാറ്റം വരുത്തുന്നതിനെപ്പറ്റി ആലോചിക്കാം. എന്തായാലും ഇടനില ലാഭം ആവശ്യമില്ല. ആകെ കിട്ടുന്നതിന്റെ 35 ശതമാനം ഗവൺമെൻറ്—അർദ്ധ ഗവൺമെൻറ് സ്ഥാപനങ്ങൾക്കു വേണ്ടിയാണ് ഉപയോഗിക്കുന്നത്. ബാക്കിയാണ് നാട്ടുകാർക്കു വേണ്ടി ഉപയോഗിക്കാനുള്ളത്. അതിൽ തന്നെ പെർമിറ്റു സിസ്റ്റം ഏർപ്പെടുത്തിയപ്പോഴും സ്റ്റോക്കിസ്റ്റുകളെ എലിമിനേറ്റു ചെയ്യാൻ ഉദ്ദേശിച്ചില്ല. അവരും ഒരു പരിധി വരെ നില നിൽക്കുന്നു. അവർക്കും കുറച്ച് അലോട്ടു ചെയ്യുന്നു. അവരും കൺസ്യൂമേഴ്സിനു തഹസീൽദാരുടെയോ കളക്ടറുടേയോ പെർമിറ് അനുസരിച്ച് കൊടുക്കുന്നുണ്ട്. ഈ പെർമിറ്റു സിസ്റ്റം ഏർപ്പെടുത്തിയപ്പോഴും അഞ്ചോ പത്തോ ചാക്ക് സിമൻറ് ആവശ്യമുള്ള ആളുകൾ ഇവിടെ പറഞ്ഞതു പോലെ ഇഞ്ചിനീയറുടെ സർട്ടിഫിക്കറിനു ഓടി നടന്നു ബുദ്ധിമുട്ടരുത് എന്നു ഗവൺമെൻറിനു തോന്നി. അതുകൊണ്ട് പഞ്ചായത്തു പ്രസിഡൻറിന്റേയോ മുനിസിപ്പൽ കമ്മീഷണറുടേയോ സർട്ടിഫിക്കറ്റു ഹാജരാക്കിയാൽ അതു അഞ്ചു ചാക്കു വരെ സിമൻറ് നേരിട്ട് സ്റ്റോക്കിസ്റ്റുകളിൽ നിന്ന് ആളുകൾക്ക് വാങ്ങിക്കുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

സർ, ഇതെല്ലാം ചെയ്തിട്ടും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. അതിനുള്ള കാരണം നമ്മുടെ ആവശ്യത്തിനനുസരിച്ചുള്ള സിമൻറിന്റെ 60 ശതമാനമേ അലോട്ടു ചെയ്യുന്നുള്ളു എന്നുള്ളതാണ്. കൂടുതൽ അലോട്ടുമെൻറ് കിട്ടാൻ ശ്രമിക്കുന്നുണ്ട്. ഇപ്പോഴത്തെ വിതരണ സമ്പ്രദായം നിരന്തരമായി പരിശോധനയ്ക്കു വിധേയമാക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പറൻമാരുടെ ഇതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും സ്വാഗതാർഹമാണ്. ഇതിനകത്ത് ആവശ്യമായ മാറ്റങ്ങളും വരുത്താൻ ഗവൺമെൻറ് തയ്യാറായിരിക്കും.

III. റിപ്പോർട്ടു സമർപ്പിക്കൽ

പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 19-ാമത്തു റിപ്പോർട്ട്

ശ്രീ. എം. കെ. കൃഷ്ണൻ: പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 19-ാമത്തു റിപ്പോർട്ടു ഞാൻ സമർപ്പിക്കുന്നു.

എസ്റ്റിമേറ്റു കമ്മിറ്റിയുടെ നാലാമത്തു റിപ്പോർട്ട്

Shri K. C. Vamadevan: Sir, I present the fourth report of the Estimate Committee.

LIBRARY ARCHIVES Kerala Legislative Assembly